# INTERNATIONAL INDIAN SCHOOL- DAMMAM
## 1ST SUMMATIVE ASSESSMENT - JUNE 2014

**CLASS-VIII SUBJECT: MALAYALAM TIME: 3 HRS MARKS: 90**

I. താഴെ കൊടുത്തിരിക്കുന്ന ഗദ്യഭാഗം വായിച്ച് ഉത്തരം എഴുതുക.

കേരളത്തിലെ ജനങ്ങളുടെ മാതൃഭാഷയാണ് മലയാളം. ഓരോ ഭാഷയിലും അനേകം സാഹിത്യഗ്രന്ഥങ്ങളുണ്ട്. കഥ, കവിത, ഉപന്യാസം,യാത്രാവിവരണം, ചരിത്രം, ശാസ്ത്രം തുടങ്ങി നിരവധി ശാഖകൾ സാഹിത്യത്തിലുണ്ട്. നൂറ്റാണ്ടുകൾക്കു മുമ്പ് ജീവിച്ചിരുന്ന കവിത്രയങ്ങളാണ് ചെറുശ്ശേരി, എഴുത്തച്ഛൻ, കുഞ്ചൻനമ്പ്യാർ എന്നിവർ. ക്രിസ്തുവർഷം 15 -ാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന ചെറുശ്ശേരി കോലത്തുനാട്ടിലെ ഉദയവർമ്മ മഹാരാജാവിന്റെ സദസ്യനായിരുന്നു.ചെറുശ്ശേരിയുടെ അതിമനോഹരമായ ഒരു മഹാകാവ്യമാണ് കൃഷ്ണഗാഥ. തിരൂരിലെ തൃക്കണ്ടിയൂർ ശിവക്ഷേത്രത്തിനടുത്തുള്ള തുഞ്ചൻ പറമ്പിലാണ് എഴുത്തച്ഛൻ ജനിച്ചത്. മലയാളഭാഷയുടെ പിതാവ് എന്നാണ് അദ്ദേഹം അറിയപ്പെടുന്നത്. എഴുത്തച്ഛന്റെ കാലം 16 -ാം നൂറ്റാണ്ടാണ്. അദ്ധ്യാത്മരാമായണം കിളിപ്പാട്ടും ശ്രീമഹാഭാരതം കിളിപ്പാട്ടും ഇരുപത്തിനാലുവൃത്തവുമാണ് എഴുത്തച്ഛന്റെ കൃതികൾ. തുള്ളൽ പ്രസ്ഥാനത്തിന്റെ ഉപജ്ഞാതാവായ കുഞ്ചൻനമ്പ്യാർ 18 -ാം നൂറ്റാണ്ടിലാണ് ജീവിച്ചിരുന്നത്.ശ്രീകൃഷ്ണചരിതം മണിപ്രവാളം, കല്യാണസൗഗന്ധികം, സ്യമന്തകം, ധ്രുവചരിതം, ഘോഷയാത്ര തുടങ്ങിയവയാണ് അദ്ദേഹത്തിന്റെ പ്രധാന കൃതികൾ.

1. ആരാണ് മലയാളഭാഷയുടെ പിതാവ് എന്നറിയപ്പെടുന്നത്? (1)
2. നൂറ്റാണ്ടുകൾക്കു മുമ്പ് ജീവിച്ചിരുന്ന കവിത്രയങ്ങൾ ആരൊക്കെയാണ്? (1)
3. ചെറുശ്ശേരിയുടെ മഹാകാവ്യം ഏത് ? (1)
4. സാഹിത്യത്തിന് ഏതെല്ലാം ശാഖകളുണ്ട് ? (1)
5. തുള്ളൽപ്രസ്ഥാനത്തിന്റെ ഉപജ്ഞാതാവ് ആര് ? (1)
6. എവിടെയാണ് എഴുത്തച്ഛൻ ജനിച്ചത് ? (1)
7. ചെറുശ്ശേരി ഏതു രാജാവിന്റെ സദസ്യനായിരുന്നു. (1)
8. ഏതെല്ലാമാണ് എഴുത്തച്ഛന്റെ കൃതികൾ ? (1)
9. കുഞ്ചൻനമ്പ്യാരുടെ കൃതികളുടെ പേരെഴുതുക. (2)

**II.** പൂരിപ്പിക്കുക. (5 x 1=5)

(ഢി , ഭ, ഝ, തൃ, ത്സ, ന്ധ, ദ്യ, ഫ, ന്ദ, ന്ധി )

1. ___ടുതി 2. നേ___ത്രം 3. അ___ത 4. വി___വം 5. കാവ്യസി___

**III.** അർത്ഥം (5 x 1=5)

1. അന്തണൻ 2. നിസ്തുലം 3. അമൃതേത്ത് 4. സാമോദം 5. സത്വരം

**IV.** വിപരീതം (5 x 1=5)

1. പണ്ഡിതൻ 2. മാളിക 3. വന്ദിക്കുക 4. ഭൂരിപക്ഷം 5. അബദ്ധം

**V.** പര്യായം (6 x 1=6)

1. കുംഭം 2. സ്വരം 3. വെളിച്ചം 4. വയസ്യൻ 5. നെയ്യ് 6. മാളിക

**VI.** നാനാർത്ഥം (3 x 1=3)

1. മാല 2. ആർത്തി 3. ആഴി

**VII.** വിഗ്രഹിക്കുക (5x 1=5)

1. രുദ്രാക്ഷമാല 2. ഗണനാഥൻ 3. മഹാകാവ്യം 4. ചെന്താമര

5. അംഗവൈകല്യം

**VIII.** ചേർത്തെഴുതുക (5 x 1=5)

1. ചിത് + രൂപം 2. കാളി + ഉടെ 3. വിധി + ആണെന്ന്

4. തിരു + കൈ 5. ഉള്ളത് + അശേഷം

**IX.** പിരിച്ചെഴുതി സന്ധി നിർണ്ണയിക്കുക (5 x 1=5)

1. ഒറ്റക്കൊമ്പൻ 2. താഴത്തെഴുന്നെള്ളി 3. പൊളിക്കുടയും

4. അകത്താര് 5. സത്വരമങ്ങ്

**X.** വാക്യത്തിൽ പ്രയോഗിക്കുക (Any 2) (2x1=2)

1. വെളിച്ചം നൽകുക 2. അനുഗൃഹീതം 3. വൈകല്യം

**XI.** ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക (5 x 1=5)

1. ഒരു കിലോഗ്രാം മാത്രം തൂക്കമുണ്ടായിരുന്ന യൂറോപ്പിലെ ഗണിതശാസ്ത്രജ്ഞൻ ആരായിരുന്നു ?

( ഹോൽമാൽ, ജോൺമിൽട്ടൻ, ചാൾസ് ഗ്രാണ്ടെമാന്റ് )

2. ഭാരതത്തിലെ ആദികവിയായി വിശേഷിപ്പിക്കുന്നത് ആരെയാണ് ?

( കാളിദാസൻ, വാല്മീകി, വ്യാസൻ )

3. ആരാണ് കേൾവിശക്തി പൂർണ്ണമായും നഷ്ടപ്പെട്ട പാശ്ചാത്യസംഗീതജ്ഞൻ?

( ഹോമർ, ലുഡോമിൽ, ബിഥോവൻ )

4. "ഗണപതിയുടെ സദ്യയൂണ് " എന്ന കവിത ഏതു കൃതിയിൽ നിന്നും എടുത്തിട്ടുള്ളതാണ് ?

( ഐരാവത പൂജ, ഗണപതി പൂജ, കുചേലവൃത്തം )

5. തോമസ് ഷ്വൈക്കർ ഏതു രാജ്യക്കാരനായിരുന്നു ?

( ഫ്രാൻസ്, അമേരിക്ക, ജർമനി )

**XII.** പദ്യം പൂരിപ്പിക്കുക ( 8 വരി ) (8)

ആഴിമകളു________________

____________________കൊണ്ട്

**XIII.** ഖണ്ഡിക തയ്യാറാക്കുക (5)

വനവത്കരണം

**XIV.** ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക. (4 x 2=8)

1. വിധിയെ തോൽപിച്ചവർ എന്നു പറയുന്നത് ആരെയാണ് ?

2. ഗണേശൻ പഴം വിഴുങ്ങിയതെങ്ങനെ ?

3. എങ്ങനെയുള്ള കൃഷ്ണനാണ് കുചേലനെ ദൂരത്തുനിന്നേ കണ്ടത് ?

4. ഏതു ചക്രവർത്തിയുടെ സദസ്സിലാണ് കാളിദാസൻ ഉൾപ്പെട്ടിരുന്നത് ?

**XV.** രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരമെഴുതുക (Any 3) (3 x 3=9)

1. ലുഡോമിൽ ചിത്രം വരച്ചിരുന്നത് എങ്ങനെ ?

2. എങ്ങനെയാണ് ഇടയൻ കവിയായ കാളിദാസനായി മാറിയത് ?

3. ഗണപതിക്കു ദേഷ്യം വരാൻ കാരണമെന്ത് ?

4. എങ്ങനെയാണ് കുചേലനെ ശ്രീകൃഷ്ണൻ എതിരേറ്റത് ?

**XVI.** ഉത്തരമെഴുതുക (Any 1) (1 x 4=4)

1. ശ്രീകൃഷ്ണഭഗവാനെ കാണാൻ ചെല്ലുന്ന കുചേലനെ കവി എങ്ങനെയാണ് വർണ്ണിച്ചിരിക്കുന്നത് ?

OR

2. കോപിഷ്ഠനായ ഗണപതി എന്തെല്ലാം വിഴുങ്ങി ?

*********Best Of Luck*************